# കേരള സർവകലാശാല

നം.പി.ആർ.279/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ജനുവരി 7 ന് ആരംഭിക്കാനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ (2018 ഡിസംബർ സെഷൻ) 2019 ജനുവരി 10, 11, 14 തീയതികളിലേയ്ക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജനുവരി 7 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.വി.എ (പെയിന്റിംഗ്) ഡിഗ്രി പരീക്ഷയുടേയും നാലാം സെമസ്റ്റർ എം.വി.എ ആർട്ട് ഹിസ്റ്ററി പരീക്ഷയുടേയും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജനുവരി 11 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവാ വോസി

ഡിസംബർ 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയുടെ (പി.ജി.ഡി.ജിസ്റ്റ്) വൈവ വോസി പരീക്ഷ ജനുവരി 4 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### തീയതി നീട്ടി

2019–21 വർഷത്തേക്കുള്ള (2018 അഡ്മിഷൻ) ബി.എ/ബി.കോം/ബി.എ അഫ്സൽ–ഉൽ–ഉലാമ/ബി.ബി.എ/ബി.കോം അഡീഷണൽ ഇലക്ടീവ് (കോ–ഓപ്പറേഷൻ) വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷനുള്ള അവസാന തീയതി 2019 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസിനു പുറമേ ബി.എ/ബി.കോം/ബി.എ അഫ്സൽ–ഉൽ–ഉലാമ/ബി.കോം (ആന്വൽ സ്കീമിൽ ജയിച്ച വിദ്യാർത്ഥികൾക്ക്) അഡീഷണൽ ഇലക്ടീവ് (കോ–ഓപ്പറേഷൻ) കോഴ്സുകൾക്ക് 2500/– രൂപ പിഴയും ബി.ബി.എ കോഴ്സിന് 3000/– രൂപ പിഴയും അടയ്ക്കണം.

ബി.കോം (സി.ബി.സി.എസ്/റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ സ്ട്രീമിൽ ജയിച്ച വിദ്യാർത്ഥികൾക്ക്) അഡീഷണൽ ഇലക്ടീവ് (കോ–ഓപ്പറേഷൻ) കോഴ്സിന് 2019 ജനുവരി 28 നു ശേഷം രജിസ്ട്രേഷൻ ഫീസിന് പുറമേ 2500/– രൂപ പിഴയോടുകൂടി 2019 ജനുവരി 31 വരെ അപേക്ഷിക്കാം.

പുതിയ രജിസ്ട്രേഷനുകൾ www.de.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 2018 ഡിസംബർ 26 മുതൽ ഓൺലൈനായും ബി.കോം അഡീഷണൽ ഇലക്ടീവ് (കോ–ഓപ്പറേഷൻ), ബി.എ/ബി.കോം/ബി.ബി.എ റീ-രജിസ്ട്രേഷൻ, അഡീഷണൽ ഡിഗ്രി എന്നിവയ്ക്കുള്ള രജിസ്ട്രേഷനുകൾ ഓഫ്ലൈനായും അപേക്ഷിക്കണം.

## പരീക്ഷാഫീസ്

2019 ജനുവരിയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് 2008 സ്കീം മേഴ്സിചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 31 വരെയും 50 രൂപ പിഴയോടെ 2019 ജനുവരി 3 വരെയും 125 രൂപ പിഴയോടെ ജനുവരി 5 വരെയും സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഗ്രൂപ്പ് 2 (b) കരിയർ റിലേറ്റഡ് 2016 അഡ്മിഷൻ (റെഗുലർ), 2015 അഡ്മിഷൻ (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്), 2014 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ജനുവരി 10 വരെ അപേക്ഷിക്കാം.

## അപേക്ഷ ക്ഷണിക്കുന്നു

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 2018-19 വർഷത്തേക്കുള്ള മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പിനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചു. സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ എം.ഫിൽ/പി.എച്ച്.ഡി യ്ക്ക് എൻറോൾ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട വെരിഫിക്കേഷൻ പ്രൊഫോർമ രജിസ്ട്രാറുടെ മേലൊപ്പിന് വേണ്ടി ഡിസംബർ 27 ന് മുമ്പായി രജിസ്ട്രാറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഡിസംബർ 31. വിശദവിവരങ്ങൾ https://ngc.ac.in/ugc - schems/ എന്ന ലിങ്കിൽ ലഭ്യമാണ്.

തിരുവനന്തപുരം.
22.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ